
# അമേരിക്കയുടെ ഇന്ത്യാവിരുദ്ധ നിലപാടുകളും ഇന്ത്യയുടെ വിധേയത്വവും

**2010-03-22**



ഇന്ത്യ പരമ്പരാഗതമായി തുടർന്നുവന്ന സാമ്രാജ്യ വിരുദ്ധ ചേരിചേരാ നയത്തിൽ നിന്നും ക്രമേണ വ്യതിചലിച്ച്, അമേരിക്കൻ സാമ്രാജ്യത്വത്തെ കൂടുതൽ കൂടുതൽ തൃപ്തിപ്പെടുത്തുന്ന നിലപാടു കളിലേക്ക് വഴുതി വീഴുന്നത്, നമ്മുടെ രാജ്യതാൽപര്യത്തിന് ഒട്ടും സഹായകമല്ല; അപകടകരവുമാണ്.

യു പി എ സർക്കാർ സമീപകാലത്തു കൈക്കൊണ്ട ചില നയങ്ങൾ ഈ പശ്ചാത്തലത്തിൽ ഒന്നു പരിശോധിക്കേണ്ടതാവശ്യമാണ്.

ഇന്ത്യയും അമേരിക്കയുമായി ചേർന്ന് രൂപം നൽകിയ ആണവകരാർ തുടക്കം മുതലേ വിവാദപരമായിരുന്നു. ഭാവിയിലെ ഇന്ത്യയുടെ ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ കരാർ കൂടിയേ തീരൂ എന്നതായിരുന്നു പ്രധാനമന്ത്രിയുടെ നിലപാട്. ഈ ഉറച്ച നിലപാട് ഇന്ത്യയുടെ രാഷ്ട്രീയ സുസ്ഥിരതയെ അപകടപ്പെടുത്തി ക്കൊണ്ട്  യു പി എ ഇടതുസഖ്യത്തെ തകർത്തു. നിലനിൽപിനു വേണ്ടി, വിശ്വാസ പ്രമേയത്തിൽ ഭൂരിപക്ഷം നേടാൻ യു പി എ പാർലമെന്റിന്റെ ഉപശാലകളിൽ പണം വാരി എറിഞ്ഞു; കോടിക്കണക്കിന്. അത് പരസ്യമായ കാലുമാറ്റത്തിന്റെ നാണംകെട്ട കാലമായി മാറി.

ഇതെല്ലാം ചെയ്യുമ്പോൾ സർക്കാർ പറഞ്ഞ ന്യായം, ഈ കരാർ നമ്മുടെ ഊർജപ്രതിസന്ധിയ്ക്കു വിരാമമിടും എന്നാണ്. ഈ രാഷ്ട്രീയ നാടകങ്ങൾ നടന്നിട്ട് ഏതാണ്ട് രണ്ടു വർഷമാകുന്നു. ഇതാ അരങ്ങേറുന്നു, ആ ദുരന്ത നാടകത്തിന്റെ അടുത്ത അങ്കം. ന്യൂക്ലിയർ ലയബിലിറ്റി ബിൽ എന്ന പേരിൽ സർക്കാർ പുതിയൊരു നിയമം തയ്യാറാക്കി പാർലമെന്റിലവതരിപ്പിക്കുവാൻ തയ്യാറായി. പാർലമെന്റിന്റെ അജണ്ടയിൽ ഈ ബിൽ അവതരിപ്പിക്കുന്ന സമയവും തീയതിയും നിശ്ചയിച്ചറിയിച്ചു.

എന്നാൽ പ്രതിപക്ഷത്തിന്റെ സുശക്തവും നിശ്ചയദാർഢ്യത്തോടു കൂടിയുമുള്ള എതിർപ്പിന്റെ മുന്നിൽ സർക്കാർ പിൻവാങ്ങി. തൽക്കാലമായിരിക്കാമെങ്കിലും ആ ബിൽ അവതരിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല.

ഇന്തോ-അമേരിക്കൻ കരാറനുസരിച്ച് ഇന്ത്യയിൽ അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികളുടെ സഹായത്തോടെ ആണവ നിലയങ്ങൾ സ്ഥാപിക്കുമ്പോൾ, അവയിൽ ഏതിലെങ്കിലും അപകടം ഉണ്ടായാൽ, ഇന്ത്യയ്ക്കു റിയാക്റുകളും മറ്റും തരുന്ന അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരുത്തരവാദിത്വവും ഉണ്ടാവുകയില്ല എന്നുറപ്പുവരുത്തുന്നതിനാണ് ഈ നിയമം.

ഇന്ത്യയിൽ റഷ്യയുടെയും ഫ്രാൻസിന്റെയുമൊക്കെ പങ്കാളിത്തത്തോടെ ആണവ നിലയങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്, പ്രവർത്തിക്കുന്നുമുണ്ട്. ആ രാജ്യങ്ങൾ ഒന്നും ഇന്ത്യയോടാവശ്യപ്പെടാത്ത ഒരു കാര്യമാണ് അമേരിക്ക നമ്മോടാവശ്യപ്പെടുന്നത്. അമേരിക്ക ചോദിച്ചാൽ എന്തും കൊടുക്കുമെന്ന സർക്കാർ നയം അപകമാനകരമാണ്.

അപകടം ഉണ്ടായാൽ ആരാണ് നഷ്ടപരിഹാരം പിന്നെ നൽകേണ്ടത്? ആണവനിലയങ്ങൾ ഇന്ത്യയിൽ പ്രവൃത്തിപ്പിക്കുന്ന ഓപ്പറേറ്റർമാരാണ്, നിയമത്തിൽ നിജപ്പെടുത്തിയിരിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടത്.

ഇവിടെ ഒരു സംഗതികൂടി ഓർമിപ്പിച്ചുകൊള്ളട്ടെ. ഇന്ത്യയിൽ ആണവ ഊർജ രംഗത്ത് സ്വകാര്യ മേഖല പ്രവർത്തിക്കുന്നില്ല. ഇന്ത്യയിൽ ആണവോർജം നിർമിക്കുന്നതത്രയും പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഈ പൊതുമേഖലാ സ്ഥാപനങ്ങളാണ്, അപകടം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിന് ഈ നിയമം മൂലം ബാധ്യസ്ഥമാകുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിലെ നികുതിദായകർ നൽകുന്ന നമ്മുടെ പണം പൊതുഖജനാവിൽ നിന്ന് നഷ്ടപരിഹാരമായി നൽകണം എന്ന വിചിത്രമായ ബാധ്യതയാണ് ഈ നിയമം വഴി സൃഷ്ടിക്കപ്പെടുന്നത്.

ആണവ നിലയങ്ങളിൽ അപകടം ഉണ്ടാകുന്നത് നമുക്ക് അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികൾ നൽകിയ യന്ത്രങ്ങളുടെ തകരാറുകൊണ്ടാവാം. പക്ഷേ ആ കമ്പനികളെ നഷ്ടപരിഹാരം നൽകുന്നതിനുള്ള എല്ലാ ചുമതലകളിൽ നിന്നും വിമുക്തരാക്കുന്നതിനാണ് ഈ നിയമം യു പി എ സർക്കാർ കൊണ്ടുവന്നത്.

നിയമത്തിന്റെ മറ്റു നൂലാമാലകളിലേക്കു കടക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. വ്യക്തമായ ഒരു വിധേയത്വം കാണാതെ പോകരുത്. മറ്റൊരു രാജ്യവും ആവശ്യപ്പെടാത്ത, നീതീകരണമില്ലാത്ത ഒരാവശ്യം, ബഹുരാഷ്ട്ര കുത്തകകളുടെ കൊള്ളലാഭം വർധിപ്പിക്കുന്നതിനുവേണ്ടി, അമേരിക്ക ആവശ്യപ്പെട്ടപ്പോൾ, നമ്മുടെ നാടിനു വരുന്ന ഭീമമായ നഷ്ടമൊന്നും കണക്കിലെടുക്കാതെ അമേരിക്കയ്ക്കു വിധേയമാകുന്ന ഈ നയം ആക്ഷേപകരവും അപമാനകരവുമാണ്.

ആണവ ദുരന്തം ആദ്യം ലോകം ദർശിച്ചത് നാഗസാക്കിയിലും ഹിരോഷിമയിലും അമേരിക്ക വർഷിച്ച അണുബോംബുകളുടെ സ്ഫോടനത്തിലൂടെയാണ്. പിന്നീട് ചെർണോബില്ലും ലോംഗ് ഐലന്റും എല്ലാം എത്ര ഭീകരമാണ് ആണവ നിലയങ്ങളിലുണ്ടാകുന്ന അപകടങ്ങൾ എന്നു കാണിച്ചുതന്നു. ഒരുപാട് മനുഷ്യരുടെ മരണം, അവശേഷിക്കുന്നവർ തലമുറകളിലൂടെ മാറാവ്യാധികൾക്ക് ഇരയാകുന്നത്, പാരിസ്ഥിതികമായ വൻ തകർച്ച തുടങ്ങിയവയൊക്കെയാണ് ആണവ ദുരന്തങ്ങളുടെ ഫലം.

അതൊന്നും ഒട്ടും കണക്കിലെടുക്കാതെ അമേരിക്കയുടെ, അവരുടെ ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിന്, നമ്മുടെ മേൽ എല്ലാ ബാധ്യതകളും കയറ്റിവയ്ക്കുന്ന ഈ നിയമം ദേശാഭിമാന ബോധമുള്ള ആർക്കും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ടാണ് ബില്ലിനെ പ്രതിപക്ഷം ഒന്നടങ്കം ചെറുത്തത്. സർക്കാരിന് ബില്ലവതരിപ്പിക്കാന് കഴിയാതെ പോയതും.

* * * * * * * * * * * *

ഈ സംഭവം കഴിഞ്ഞ് ഒരാഴ്ചയായില്ല, അപ്പോൾ അമേരിക്കയിൽ നിന്നും വരുന്നു മറ്റൊരു ബോംബ്.

ബോംബെയിലെ താജ് ഹോട്ടലിന്റെയും മറ്റും നേരെ രണ്ടു വർഷങ്ങൾക്കു മുമ്പ് നടന്ന, ലോകത്തെ ഞെട്ടിച്ച, ഭീകര ആക്രമണത്തിന്റെ സൂത്രധാരന് പാക്–അമേരിക്കന് പൗരനായ ഡേവിഡ് കോൾമാന് ഹെഡ്ലി ഏതാനും മാസം മുമ്പ് അമേരിക്കയിൽ അറസ്റ്റ് ചെയ്യപ്പെട്ടു. ലഷ്കർ–ഇ–ത്വയിബ ഭീകരനായ ഇദ്ദേഹത്തിന്റെ കൂട്ടുകാരൻ റാണയും അമേരിക്കയിൽ അറസ്റ്റു ചെയ്യപ്പെട്ടു.



ബോംബെയിലെ താജ് ഹോട്ട ഭീകര ആക്രമണ



ഡേവിഡ് കോൾമാന് ഹെഡ്ലി

ഇവർ മുംബൈ, ഡൽഹി തുടങ്ങിയ മഹാനഗരങ്ങളിലും പിന്നെ കൊച്ചി പോലുള്ള പട്ടണങ്ങളിലും താമസിച്ച് ഭീകര പ്രവർത്തനങ്ങൾ ഇന്ത്യയിൽ ആസൂത്രണം ചെയ്തവരാണ്.

ഇവരുടെ അറസ്റ്റ് ഭീകരരെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ വഴിത്തിരിവാകുമെന്നെല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ രണ്ടു മൂന്നു ദിവസം മുമ്പ് നടന്ന നാടകീയമായ ചില സംഭവവികാസങ്ങൾ ചിത്രത്തെ ആകെ മാറ്റിമറിച്ചു. എല്ലാ കുറ്റങ്ങളും കോടതിയിൽ ആദ്യം നിഷേധിച്ച ഹെഡ്ലി, അമേരിക്കന് സർക്കാരുമായുണ്ടാക്കിയ ഒരു രഹസ്യധാരണയുടെ അടിസ്ഥാനത്തിൽ മാപ്പുസാക്ഷിയാകാൻ തീരുമാനിച്ചു. എല്ലാ കുറ്റങ്ങളും ഏറ്റു പറഞ്ഞു. ധാരണ എന്താണെന്ന് കോടതിയുടെ താൽക്കാലിക വിധി വ്യക്തമാക്കി. വധശിക്ഷ ലഭിക്കുമായിരുന്ന ഹെഡ്ലിക്ക് ഇനി ജീവപര്യന്തം തടവായിരിക്കും ശിക്ഷ. ഹെഡ്ലിയെ ഇന്ത്യയ്ക്കോ പാകിസ്ഥാനോ അഫ്ഗാനിസ്ഥാനോ കേസന്വേഷണം സംബന്ധിച്ച് കൈമാറ്റം ചെയ്യുകയുമില്ല.

ഹെഡ്ലിയുടെ അറസ്റ്റു നടന്ന ഉടനെ ഇന്ത്യ നമ്മുടെ കുറ്റാന്വേഷകരെ അമേരിക്കയിലേക്കയച്ചു, ഹെഡ്ലിയെ ചോദ്യം ചെയ്യാൻ. അമേരിക്ക നമുക്കതിനനുവാദം തന്നില്ല. ഹെഡ്ലിയെ ഇന്ത്യയിലേയ്ക്ക് എക്സ്റ്റ്രാഡിഷന് (കേസന്വേഷണത്തിന് നമുക്കിയാളെ കൈമാറുക) ചെയ്യണമെന്നു ഇന്ത്യ ആവശ്യപ്പെട്ടു. അമേരിക്ക അതും സമ്മതിച്ചില്ല.

ഇപ്പോൾ അമേരിക്ക പറയുന്നത്, ഹെഡ്‌ലി ഒരു ഡബിൾ ഏജന്റായിരുന്നുവെന്ന്. അതിന്റെ അർഥം അയാൾ ഒരേ സമയം അമേരിക്കൻ ചാരസംഘടനയുടെയും ലഷ്കർ ഭീകരരുടെയും ഏജന്റായിരുന്നുവത്രെ.

കേസിന്റെ അന്വേഷണത്തിൽ ഹെഡ്‌ലി എല്ലാവരുമായും സഹകരിക്കും എന്നൊരു വാഗ്ദാനവും നൽകിയിട്ടുണ്ട്.

ഭീകരതയ്ക്കെതിരെയുള്ള കുരിശുയുദ്ധത്തിന്റെ പേരിൽ അമേരിക്കയിൽ നടന്ന ഭീകരാക്രമണത്തിന്റെ മറവിൽ അവർ അഫ്ഗാനിസ്ഥാനെയും ഇറാഖിനേയും കടന്നാക്രമിച്ചു. ഇറാഖിന്റെ രാഷ്ട്രത്തലവനായിരുന്ന സദ്ദാം ഹുസൈനെ തൂക്കിലേറ്റുകവരെ ചെയ്തു.

ഇവിടെ ഭീകരതയ്ക്കെതിരെ കുരിശുയുദ്ധം നടത്തുന്നു എന്ന് പുരപ്പുറത്തുനിന്നു പ്രഖ്യാപിക്കുന്ന അമേരിക്കയുടെ പൊയ്മുഖം അഴിഞ്ഞു വീഴുകയാണ്.

ഭീകരതയ്ക്കെതിരായുള്ള ഈ കുരിശുയുദ്ധത്തിൽ പാവപ്പെട്ട ആയിരക്കണക്കിന് ചെറുപ്പക്കാരായ അമേരിക്കൻ പട്ടാളക്കാർ മരിച്ചു. എല്ലാ ദിവസവും അവരുടെ ശവപ്പെട്ടികൾ അമേരിക്കയിലേയ്ക്ക് വിമാനത്തിൽ പറന്നെത്തുന്നുണ്ട്, ഇപ്പോഴും.

ലോകത്തെമ്പാടും ഭീകരപ്രസ്ഥാനങ്ങളെ സൃഷ്ടിച്ചതും അവർക്കായുധവും പണവും നൽകി നയതന്ത്രസംരക്ഷണം ഉറപ്പാക്കിയതും അമേരിക്കയാണ്. അഫ്ഗാനിസ്ഥാനിലെ താലിബാൻ അമേരിക്കന് സൃഷ്ടിയാണ്. പാകിസ്ഥാനിൽ പട്ടാള ഭരണാധികാരികൾക്കായുധവും ചാരസംഘടനയായ ഐ എസ് ഐയ്ക്ക് പണവും പിന്തുണയും നൽകിയതും അമേരിക്കതന്നെ.

അമേരിക്കയ്ക്ക് അവരുടെ സാമ്രാജ്യത്വ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായിവരുമ്പോൾ അവരുടെ സ്വന്തം ചാരസംഘടനയായ സി ഐ എയെ രംഗത്തിറക്കി രാഷ്ട്രീയ അസ്ഥിരീകരണം നടത്തുക, ഭീകരപ്രസ്ഥാനങ്ങളെ സൃഷ്ടിക്കുക, ആയുധമണിയിക്കുക, വളർത്തുക ഇവയൊക്കെ അവരുടെ വിദേശനയത്തിന്റെ ഭാഗമാണ്.

ഹെഡ്‌ലി എന്ന അമേരിക്കൻ ചാരസംഘടനയുടെ ഡബിൾ ഏജന്റിനെ രക്ഷിച്ചപ്പോൾ ഇന്ത്യയുടെ ഒരു വികാരവും അവർ കണക്കിലെടുത്തില്ല. മുംബൈ ഭീകരാക്രമണത്തെത്തുടർന്ന് അമേരിക്ക എത്ര മുതലക്കണ്ണീരൊഴുക്കി. നമുക്കെന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തു. പക്ഷേ ഹെഡ്‌ലി എന്ന തങ്ങളുടെ ഡബിൾ ഏജന്റിനെ രക്ഷിക്കുന്ന പ്രശ്നം വന്നപ്പോൾ, അമേരിക്ക നമ്മെ കൈവെടിഞ്ഞു.

* * * * * * * * * * * *

അമേരിക്കന് ബഹുരാഷ്ട്ര കമ്പനിയായ മൊൺസാന്റോ നമ്മുടെ കാർഷികരംഗം, പ്രത്യേകിച്ച് വിത്തുമേഖല കയ്യടക്കാനുള്ള വലിയ പരിശ്രമത്തിലാണ്.

സർക്കാരിന്റെ അനുവാദത്തിനൊന്നും കാത്തുനിൽക്കാതെ അവർ ബി ടി കോട്ടൺ കൃഷി ഇന്ത്യയിൽ തുടങ്ങി. ഇന്ത്യൻ കർഷകരുടെ കൂട്ട ആത്മഹത്യയ്ക്കു വഴിയൊരുക്കിയ കൃഷിയിൽ ഒന്ന് ബി ടി കോട്ടണായിരുന്നു എന്നത് ഇപ്പോൾ എല്ലാവരും സമ്മതിക്കുന്നൊരു കാര്യമാണ്.

മൊൺസാന്റോ പിന്നെ വന്നത് വഴുതന കൃഷിയുടെ രംഗത്താണ്; ബി ടി ബ്രിഞ്ചാളുമായി. വളർന്നുവന്ന സാർവ്വത്രികമായ എതിർപ്പിന്റെ മുമ്പിൽ അവസാനം സർക്കാർ മുട്ടുമടക്കി. വഴുതനങ്ങ കൃഷിയ്ക്ക് താൽക്കാലികമായ ഒരു നിരോധനം ഏർപ്പെടുത്തി.




എല്ലാവരും ഒന്നാശ്വസിച്ചു. മൊൺസാന്റോ ഇത്തവണ പരാജയപ്പെട്ടുവല്ലോ.

ഈ ആശ്വാസത്തിനു വിരാമമിട്ടുകൊണ്ട് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും ഒരു പ്രസ്താവന വന്നു. ബി ടി ബ്രിഞ്ചാളിനേർപ്പെടുത്തിയ താൽക്കാലിക നിരോധനം അനന്തമായി തുടരാൻ അനുവദിക്കുകയില്ല.

ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ ഏറ്റവും വേഗം കൈകാര്യം ചെയ്ത് ബി ടി ബ്രിഞ്ചാളിനെക്കുറിച്ച് അവസാന തീരുമാനം ഉടൻ ഉണ്ടാകണം. മൊൺസാന്റോ യുടെ അജണ്ട ബി ടി ബ്രിഞ്ചണറ്റ മാത്രമല്ല, ബി ടി നെല്ല്, ബി ടി ഗോതമ്പ്, ബി ടി കാരറ്റ് അങ്ങനെ ഒരു പാടു ബി ടി കൃഷിയിലാണ്. അത് തടയപ്പെടാത്തത് പ്രധാനമന്ത്രിയുടെ കൽപനകൊണ്ടാണ്. അമേരിക്കയും മൊൺസാന്റോയും സർവ്വശക്തരാണ്. അവരുടെ മുമ്പിൽ ഇന്ത്യൻ ഭരണകൂടം ചാഞ്ഞും ചരിഞ്ഞും നിൽക്കുന്നതിന്റെ ചില നവ ചിത്രങ്ങളാണിവ.

സാമ്രാജ്യത്വത്തിന്റെയും ബഹുരാഷ്ട്ര കമ്പനികളുടെയും ഈ ആക്രമണത്തെ ചെറുത്തു തോൽപ്പിക്കാന് വമ്പിച്ച ജനകീയ ഐക്യം വളർന്നുവരേണ്ട സമയമായി.